(ഇ) 14-1-2004-ൽ അന്നത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിരുന്ന ഹൈ ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ അഗ്രികൾച്ചറൽ ട്രേഡ് മൂന്ന് തവണ കൂടിയതായി ലഭ്യമായ രേഖകളിൽ കാണുന്നു. 29-8-2006-ൽ ആണ് പ്രസ്തുത കമ്മിറ്റി അവസാനമായി (മൂന്നാമത്) കൂടിയത്. ആ യോഗത്തിന്റെ തീരുമാനങ്ങൾ ലഭ്യമല്ല.

## കാർഷികരംഗം നേരിടുന്ന വെല്ലുവിളികൾ

**174 (4214)** <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കാലാവസ്ഥയിലുണ്ടായ വ്യതിയാനം കാർഷിക രംഗത്തെ എപ്രകാരമാണ് ബാധിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാലാവസ്ഥാ വ്യതിയാനത്തിന് അടിമപ്പെടാൻ സാധ്യതയുള്ള വിളകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

### <u>ഉത്തരം</u>

(എ) കേരളത്തിലെ കാർഷികരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു :

1. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വിളനാശം
2. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിൽ
3. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം
4. വ്യാവസായിക-നിർമ്മാണ മേഖലയിലെ പുരോഗതി കാർഷിക മേഖലയെ പരോക്ഷമായി ബാധിക്കുന്നു എന്നിവ.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കാർഷിക പ്രവൃത്തികൾ സീസൺ അടിസ്ഥാനത്തിൽ ചെയ്തുപോരുന്നവയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിത/നടീൽ മുതൽ വിളവെടുപ്പ്‌വരെ കാലാവസ്ഥയെ ആശ്രയിച്ച് നടപ്പിലാക്കുന്നതാണ്. അകാലമായുണ്ടാകുന്ന മഴ, വരൾച്ച തുടങ്ങിയവ വിളനാശത്തിന് കാരണമാകുന്നു. ഇതോടൊപ്പം അന്തരീക്ഷ താപനില, ആർദ്രത എന്നിവയിലുണ്ടാകുന്ന വ്യതിയാനം കീടരോഗാണുക്കളുടെ പെറ്റുപെരുകലിനും തദ്വാരാ വിളനാശത്തിനും കാരണമാകുന്നു.

(സി) കൃഷിവകുപ്പ് മുഖേന നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**ചാത്തന്നൂർ മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതി**

**175 (4215)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നബാർഡ് എത്ര കോടി രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഭരണാനുമതി നൽകിയത് എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു ; കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നത്തേക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ നിർമ്മാണ ജോലികളാണ് വിഭാവന ചെയ്തിരുന്നതെന്ന് അറിയിക്കാമോ; ഇതിൽ എത്രത്തോളം ജോലികൾ പൂർത്തീകരിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ ജോലികളിൽ ശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 3,20,00,000 രൂപയുടെ പദ്ധതിക്ക് 14-3-2011-ന് ഭരണാനുമതി നൽകുകയും 6-8-2014-ന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പൂർത്തീകരണ കാലാവധി 2013 മാർച്ച് ആയിരുന്നു. പ്രസ്തുത കാലാവധി 2015 മാർച്ച് വരെ ദീർഘിപ്പിച്ചിരുന്നു.

(സി)

1. തോടിന്റെ ആഴം കൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ.
2. തലച്ചിറ-കളം നിർമ്മാണം.
3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ

LIBRARY ARCHIVES Kerala Legislative Assembly